(സി) ഇവരിൽ ധീവരസമുദായത്തിൽപ്പെട്ട ആർക്കെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോ ;

(ഡി) റാങ്ക് ലിസ്റ്റ് നിർണ്ണയിക്കുവാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടപ്പോൾ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരാളെ മാത്രം നിയമിച്ചു.

(ബി) ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിനായി പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ചെയ്യുന്നതനുസരിച്ചാണ് നിയമനം നൽകുന്നത്.

(സി) ഇല്ല.

(ഡി) എറണാകുളം ജില്ലയിൽ ഒരു ഒഴിവ് മാത്രം അന്നത്തെ നിയമനാധികാരിയായ ജില്ലാ പഞ്ചായത്ത് ആഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

(ഇ) ഇപ്പോൾ പഞ്ചായത്തു വകുപ്പിൽ 6 ഒഴിവുകൾ ഉണ്ട്. ആയത് നിലവിലുള്ള നിയമനം അനുസരിച്ച് യോഗ്യതയുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാരെ താൽക്കാലികമായി പ്രൊമോട്ടു ചെയ്ത് നിയമനം നടത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ ഇപ്പോൾ നിയമം അനുവദിക്കുന്നില്ല.

കുളനട ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

51 (1345) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്ക് പഞ്ചായത്ത് 2000-2001 വർഷത്തേക്ക് ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തു തുക വകക്കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ മേഖലക്കും എന്തു തുക വീതം അനുദവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ 31-1-2001 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഈ കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കുളനട ബ്ലോക്ക് പഞ്ചായത്തിന് 2000-2001 വർഷത്തെ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് 43 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിൽ നിന്നും ജനറൽ സെക്ടറിൽ 21.76 ലക്ഷവും, എസ്.സി.പി. 21.24 ലക്ഷവും വകക്കൊള്ളിച്ചിട്ടുണ്ട്.

(സി) 31-1-2001 വരെ 12,74,779 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2000-2001 കാലയളവിൽ 31-1-2001 വരെ വികസന പ്രവർത്തനങ്ങൾക്കായി 68 പ്രോജക്ടുകൾ അനുവദിച്ചതിൽ 51 പ്രോജക്ടുകൾ തുടങ്ങുകയും അതിൽ 16 പണികൾ പൂർത്തിയായി. ബാക്കി 35 പണികൾ പുരോഗമിച്ചു വരുന്നു. ഈ കാലയളവിൽ കുളനട ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

1. 10 റോഡുകളുടെ പുനഃരുദ്ധാരണ പ്രവൃത്തികൾ.
2. 2 അംഗനവാടികൾക്ക് കിണർ നിർമ്മാണം.
3. ദരിദ്രർക്ക് ഭവന നിർമ്മാണം.
4. നീർത്തട വികസന പഠനം.
5. 3 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി.
6. വല്ലന പി.എച്ച്.സി.ക്കും, മെഴുവേലി കമ്മ്യൂണിറ്റി ഹാളിനും കുടിവെള്ളപദ്ധതി.
7. കുളനട പ്രൈമറി സ്കൂളിലും മലമറ്റം അംഗനവാടിക്കും ചുറ്റു മതിൽ നിർമ്മാണം.
8. ബ്ലോക്ക് മഹിളാ യൂണിയനും മെഴുവേലി പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിനും കെട്ടിട നിർമ്മാണം.
9. ജലസേചന തോടുകളുടെ ആഴം കൂട്ടലും സൈഡ് കെട്ടലും നടത്തുക.
10. കുളികടവുകളുടെ നിർമ്മാണം.
11. ജലസേചന പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കുക.
12. നഴ്സറി സ്കൂളിന് കളിക്കോപ്പ് വിതരണം ചെയ്യുക.

സി. പി. ഷാജിതക്ക് ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള നടപടി

52 (1348) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly